കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കണ്ണൂർ.
* * *

ചുരുക്ക പട്ടിക നമ്പർ: 4/09/ഡി.ഒ.സി — കണ്ണൂർ,
കാറ്റഗറി നമ്പർ : 31/2007. — 29–05–2009.

## വിജ്ഞാപനം

14–02–2007–ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കണ്ണൂർ ജില്ലയിൽ **വിവിധ വകുപ്പുകളിൽ** 3050–5230 രൂപ ശമ്പള നിരക്കിൽ **ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി) (തസ്തികമാറ്റം വഴിയുള്ള നിയമനം)** തസ്തികയിലേക്കുള്ള **(കാറ്റഗറി നമ്പർ: 31/2007)** തെരഞ്ഞെടുപ്പിനായി 09–05–2008 തീയതിയിൽ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ ചുരുക്കപട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു മുൻപിൽ ‘C’ കൂടി ചേർത്ത് വായിക്കേതാണ്.

## മുഖ്യപട്ടിക

300002 300004

കുറിപ്പ്:

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) കമ്മീഷൻ നടത്തിയ പരീക്ഷയിൽ ഹാജരായമുഴുവൻ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുള്ളത്.

4) ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ഓരോ കാറ്റഗറിയിലും ബാഡ്ജോടുകൂടിയ 3 വർഷത്തെ സാധുവായ ഡ്രൈവിംഗ് ലൈസൻസ്, സർക്കാർ സർവ്വീസിൽ ഉള്ളവർ – എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും പ്രായോഗിക പരിക്ഷയ്ക്ക് മുന്നോടിയായുള്ള സർട്ടിഫിക്കറ്റുകളുടെ പരിശോധനാ സമയത്ത് ് നേരിട്ട് ഹാജരാക്കേതാണ്. ആവശ്യമായ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളെയും പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

5) പ്രായോഗിക പരീക്ഷയ്ക്കുള്ള തീയതി, സമയം, സ്ഥലം എന്നിവ പിന്നാലെ അറിയിക്കുന്നതാണ്. പ്രായോഗിക പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

6) പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ ശാരീരിക യോഗ്യതകളുടെ പൂർണ്ണവിവരങ്ങൾ അടങ്ങിയ നിശ്ചിത മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ നിശ്ചിത മാതൃകയിലുള്ള ഫാറം പ്രായോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം അയച്ചുതരുന്നതാണ്.

7) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ് പുന:പരിശോധന റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

(ഉത്തരവിൻ പ്രകാരം)

(ഒപ്പ്)

കെ.ജി.സുശീലാമ്മ
ജില്ലാ ആഫീസർ
കെ.പി.എസ്.സി.ജില്ലാ ഓഫീസ്,കണ്ണൂർ

Kkj/